# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2461 17.08.2017 -ലെ മറുപടി

**കുഴൽ കിണറുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഭൂഗർഭ ജലം അനിയന്ത്രിതമായി കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും ബി) യും | ഭൂജലവകുപ്പ് സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിൽ നിന്നുള്ള ജലവിതാനം എല്ലാ മാസവും ശേഖരിക്കുകയും പഠന വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ഏപ്രിൽ 2017 ലെ ഭൂജലവിതാനം ദശാബ്ദ ശരാശരി (2007-2016) യുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 64% കിണറുകളിൽ ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു. ഇതിൽ 45.7% കിണറുകളിൽ ½ മീറ്ററിനു താഴെയും 29% കിണറുകളിൽ ½ മീറ്റർ മുതൽ 1 മീറ്റർ വരെയും 18% കിണറുകളിൽ 1 മീറ്റർ മുതൽ 2 മീറ്റർ വരെയും 5% കിണറുകളിൽ 2 മീറ്റർ മുതൽ 3 മീറ്റർ വരെയും 0.4% കിണറുകളിൽ 3 മീറ്റർ മുതൽ 4 മീറ്റർ വരെയും 0.8% കിണറുകളിൽ 4 മീറ്റർ കൂടുതൽ ഭൂജലവിതാനത്തിൽ കുറവുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2017-ജൂൺ മുതൽ ലഭിക്കേണ്ട തെക്ക്-പടിഞ്ഞാറൻ കാലവർഷത്തിൽ ഇതുവരെ ഏകദേശം 27% കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ കൂടുതൽ മഴ ലഭിക്കുകയാണെങ്കിൽ സംസ്ഥാനത്ത് ഭൂഗർഭജലനിരപ്പ് അപകടകരമാംവിധം താഴുന്ന സ്ഥിതി വിശേഷം സംജാതമാകുവാനുള്ള സാധ്യത കുറവാണ്.<br>വേനൽക്കാലങ്ങളിൽ ജലനിരപ്പ് താഴുന്നതിനനുസരിച്ച് കുഴൽകിണറുകളിൽ ജലലഭ്യത കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഭൂജലവകുപ്പ് കുടിവെള്ളം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള കുഴൽകിണറുകളിൽ പലതിലും ജലം ലഭിക്കുന്നില്ല എന്ന സ്ഥിതിയുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | | |
| സി) | ഭൂജല വകുപ്പിന്റെ എത്ര കുഴൽ കിണറുകൾ വാഷർ, ചെയിൻ തുടങ്ങിയവയുടെ തകരാറുകൾ മൂലം പ്രവർത്തനരഹിതമാണെന്ന് അറിയിക്കാമോ; | സി) | 7881 കൈപമ്പുകൾ അറ്റകുറ്റ പണികൾ ചെയ്യുന്നതിനുവേണ്ടി ജില്ലകൾക്ക് സാങ്കേതികാനുമതി ഭൂജല വകുപ്പ് നൽകിയിട്ടുണ്ട്. ഇതിൽ 5507 കൈപമ്പുകളുടെ അറ്റകുറ്റപ്പണികൾ ജൂൺ 2017 വരെ പൂർത്തീകരിച്ചിട്ടുണ്ട്. |
| ഡി) | കുഴൽകിണറുകൾ അറ്റകുറ്റപ്പണി | ഡി) | വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽപ്പെടുത്തി |

| | | | |
|---|---|---|---|
| | ചെയ്യുന്നതിനും പ്രവർത്തന ക്ഷമമാക്കുന്നതിനും ഏതെങ്കിലും പദ്ധതി പ്രകാരം തുക നീക്കി വച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | | ചെറുകിടകുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനും കുഴൽകിണർ അറ്റകുറ്റ പണികൾക്കുമായി 1240.33 ലക്ഷം രൂപ അനുവദിച്ചിരുന്നു. |
| ഇ) | കുഴൽ കിണറുകൾ നന്നാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ഇ) | 7881 കൈപമ്പുകൾ അറ്റകുറ്റപണികൾ ചെയ്യുന്നതിനുവേണ്ടി ജില്ലകളിൽ നിന്നും പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നു. അതിൽ 5507 കൈപമ്പുകളുടെ അറ്റകുറ്റപ്പണികൾ ജൂൺ 2017 വരെ പൂർത്തീകരിച്ചിട്ടുണ്ട്. |

Reins

**സെക്ഷൻ ഓഫീസർ**